**QP CODE: T5004**

Enrollment number : ..........................................

Name : ..........................................

MA DEGREE EXAMINATIONS,MAY 2024

First Semester

MA Malayalam Language and Literature

M21ML02DC - ആധുനിക - സമകാല കവിതാസാഹിത്യം

( Supplementary / Improvement )

2022 ADMISSIONS

Time: 3 Hours | Max Marks: 70

## Section A

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ട് മാർക്ക് വീതം**

1. 'കണ്ണിൽ കണ്ണീർ നിറച്ചിട്ടകമിടറി വിടും വീർപ്പുകൊണ്ടാശുമിന്നി'- സന്ദർഭം വിശദമാക്കുക.
2. കുമാരനാശാന്റെ ഏതെങ്കിലും നാല് ഖണ്ഡകാവ്യങ്ങളുടെ പേര് എഴുതുക.
3. 'അച്ഛനാരെന്നതും കാൺമീലേ കുഞ്ഞതീ - പ്പശ്ചാത്താപാർത്തനാം പാപിതന്നെ'- വിവക്ഷിതമെന്ത് ?
4. 'ശിഷ്യനും മകനും' എന്ന ഖണ്ഡകാവ്യത്തിലെ ശിഷ്യനും മകനും ആരാണ്? കാവ്യത്തിന്റെ പ്രമേയം വിശദമാക്കുക.
5. 'എന്തു നീയിനി ചോൽകിലും ഘോരമാം വഞ്ചനയാണിച്ചെയ്തതു ചന്ദ്രികേ'- സന്ദർഭം വ്യക്തമാക്കുക.
6. 'മുകളിൽ മിന്നുന്ന താരമേ ചൊൽക നീ- അകലെയെങ്ങാനും പ്രകാശമുണ്ടോ'- ഈ വരികളിലൂടെ കവി അർത്ഥമാക്കുന്നത് എന്ത് ?
7. 'കാലമാ മഴമേഘത്തെ- ക്കണ്ടുനിന്നോർത്തു പോകയാം'- ആരെയാണ് ഓർമ്മവന്നത് ?
8. 'കൂട്ടത്തിൽ കൂടണം നന്മ ചൊല്ലാൻ'- ഇങ്ങനെ പറയാനുള്ള കാരണമെന്ത്?

**(2x5=10)**

## Section B

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ച് മാർക്ക് വീതം**

9. കുരുക്ഷേത്രം എന്ന തലക്കെട്ടിലൂടെ അയ്യപ്പപ്പണിക്കർ വ്യക്തമാക്കുന്നത് എന്തെല്ലാം?
10. കടമ്മനിട്ട കവിതകളുടെ സവിശേഷതകൾ ചാക്കാല എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക.

11. ലക്ഷ്യബോധം നഷ്ടപ്പെട്ടവർക്കുള്ള ഉണർത്തുപാട്ടായി ഉറക്കുപാട്ട് എന്ന കവിത മാറുന്നത് എങ്ങനെ?
12. സ്ത്രീ ജീവിതത്തിന്റെ സംക്രമണത്തെ ആറ്റൂർ അവതരിപ്പിക്കുന്നതെങ്ങനെ?
13. 'കൊച്ചിയിലെ വൃക്ഷങ്ങൾ' എന്ന കവിതയിൽ കവികൾ പരാമർശവിഷയം ആകുന്നതിനെക്കുറിച്ച് വിവരിക്കുക.
14. 'മൃഗശിക്ഷകൻ' എന്ന കവിതയിലെ മൃഗരാജൻ സ്ത്രീത്വത്തിന്റെ പ്രതീകമാണ് എന്ന് പറയുന്നത് എന്തുകൊണ്ട് ?
15. അനുഭവങ്ങളുടെ തീക്ഷ്ണതയാണ് കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകളുടെ പ്രത്യേകത എന്ന് പറയാൻ കാരണമെന്ത്?
16. പുരുഷ യുക്തികളോടുള്ള കലഹമാണ് 'മുറ്റമടിക്കുമ്പോൾ' എന്ന കവിത എന്നു പറയാൻ കാരണമെന്ത്?
17. വാർദ്ധക്യം ബാധ്യതയാകുന്ന വർത്തമാനകാല യാഥാർത്ഥ്യത്തെ 'അമ്മത്തൊട്ടിൽ' എന്ന കവിത ആവിഷ്കരിക്കുന്നത് എങ്ങനെ?
18. പ്രകൃതിയും ഞാനും ഒന്നാണെന്ന് ബോധ്യത്തെ ചന്ദ്രനോടൊപ്പം എന്ന കവിത ആവിഷ്കരിക്കുന്നത് എങ്ങനെ?

**(5x6=30)**

## Section C

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരം എഴുതുക. പതിനഞ്ച് മാർക്ക് വീതം**

19. സംഘർഷമാണ് ആശാൻ കവിതയെ മനോഹരമാക്കുന്ന പ്രധാനപ്പെട്ട ഘടകം. നളിനീകാവ്യത്തെ മുൻനിർത്തി ചർച്ച ചെയ്യുക.
20. മലയാളത്തിലെ ഖണ്ഡകാവ്യ പ്രസ്ഥാനത്തെക്കുറിച്ച് ഉപന്യസിക്കുക.
21. മലയാളത്തിലെ കാല്പനിക കാവ്യ പ്രസ്ഥാനത്തിന്റെ രണ്ട് വ്യത്യസ്ത മുഖങ്ങൾ ആണ് ചങ്ങമ്പുഴയും വൈലോപ്പിള്ളി ശ്രീധരമേനോനും ചർച്ച ചെയ്യുക.
22. ഉത്തരാധുനിക കവിതയുടെ ആഖ്യാന സവിശേഷതകൾ പാഠഭാഗങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.

**(15x2=30)**